"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ലയിലെ ഏലൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. മാലതി കെ.വി.ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2087/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/11/2020

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 4.08.2015 -ലെ ഇ19 (ക്യൂവി.17/14/എസ്.സി.ഇ.) 23971/2014 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 28.11.2017-ലെ ഡി2/222/2017/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 17.04.2018-ലെ ഇപിബി3/44/2018/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീമതി. മാലതി കെ.വി. സമർപ്പിച്ച 06.12.2018-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 15.10.2019-ലെ ഡി2-14870/18 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ ഏലൂർ മുനിസിപ്പാലിറ്റിയിൽ കമ്യൂണിറ്റി ഹാൾ നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിൻമേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ഏലൂർ മുനിസിപ്പാലിറ്റിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് കരാർ എടുത്ത ആശ്രാമി കൺസൾട്ടൻസി & ടെക്നോളജി എന്ന കമ്പനിയുമായി കരാർ എഴുതി പണി ഏൽപിക്കുന്നതിലും ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നതിലും സെക്രട്ടറിയുടെ ഭാഗത്തു നിന്ന് വീഴ്ചയുണ്ടായിയെന്നും പ്രസ്തുത ക്രമക്കേടുകൾക്കുത്തരവാദിയായ മുൻ ഏലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. മാലതി കെ.വി.ക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും വിജിലൻസ് വകുപ്പ് ശുപാർശ ചെയ്യുകയുണ്ടായി. അതിൻ പ്രകാരം മുൻ ഏലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. മാലതിക്കെതിരെ പരാമർശം (3) പ്രകാരം ലഘു ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീമതി. മാലതി കെ.വി. പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

കുറ്റാരോപണ പത്രികയിലെ ഒന്നാം ഖണ്ഡികയിൽ കുറ്റാരോപണമായി പരാമർശിച്ചിട്ടുള്ളത് ഏലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ ശ്രീമതി. മാലതി കെ.വി. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് കരാർ ഏറ്റെടുത്ത കമ്പനിയുമായി കരാർ എഴുതി പണി ഏൽപ്പിക്കുന്നതിലും ടെൻഡർ നടപടിക്രമങ്ങൾ പാലിക്കുന്നതിനും വീഴ്ച വരുത്തി കൃത്യവിലോപം നടത്തി എന്നാണ് ആരോപിക്കപ്പെട്ടിട്ടുള്ളതെന്നും ഈ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ നിന്നും പഞ്ചായത്ത് ഭരണസമിതിയുടെ 13.07.2009-ലെ തീരുമാനം (1) പ്രകാരമാണ് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണവുമായി ബന്ധപ്പെട്ട് ഹാളിന്റെ രൂപരേഖ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിന് കൺസൾട്ടൻസിയായി ആശ്രാമി എന്ന സ്ഥാപനത്തെ നിശ്ചയിച്ചിട്ടുള്ളതെന്നും ടി സ്ഥാപനം സമർപ്പിച്ച ഡിസൈനും എസ്റ്റിമേറ്റും അംഗീകരിച്ചിട്ടുള്ളതും സംസ്ഥാന തല സാങ്കേതിക സമിതി കമ്മിറ്റിയുടെ 11.02.2011-ലെ തീരുമാനപ്രകാരം സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതുമാണെന്നും കമ്മ്യൂണിറ്റി ഹാൾ നിർമ്മാണ പ്രവർത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്നുവെന്നും ടി പ്രവർത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ

അടക്കമുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുള്ളത് അസിസ്റ്റന്റ് എൻജിനീയർ ആയിരിക്കെ, സാങ്കേതിക പരിജ്ഞാനം വളരെയധികം ആവശ്യമുള്ളതും വിവിധ തലങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ കസാറ്റ്, ജില്ലാ- സംസ്ഥാനതല ടെക്നിക്കൽ സാൻഷനിങ് അതോറിറ്റി എന്നിവരുടെ പരിശോധനകൾക്ക് വിധേയമായി സാങ്കേതിക അനുമതി ലഭ്യമായ ടി പ്രവർത്തിയിൽ സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത സെക്രട്ടറിയുടെ ഭാഗത്തുനിന്നും കൃത്യവിലോപം ഉണ്ടായതായി കണക്കാക്കാനാവില്ലായെന്നും ആയതിനാൽ ടിയാരിയുടെ വാദങ്ങൾ അംഗീകരിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി. മാലതി കെ.വി. സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണ പ്രവർത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ ആയിരിക്കെ ശ്രീമതി. മാലതി കെ.വി.യുടെ ഭാഗത്തു നിന്നും കൃത്യവിലോപം ഉണ്ടായതായി കണക്കാക്കാനാവില്ല എന്ന വസ്തുത പരിഗണിച്ച് ഏല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. മാലതി കെ.വി.ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. മാലതി കെ.വി., മുൻ സെക്രട്ടറി, മുൻ ഏല്ലൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ്

   (യു.ഒ റിമാർക്ക് നം.വിജി.ഡി2/222/2017/വിജി. തീയതി 26.08.2020 പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/44/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature Valid

Digitally signed by SUDHEER S S
Date: 2020.11.05 15:[illegible]:48 IST
Reason: Approved

സെക്ഷൻ ഓഫീസർ